LIBRARY ARCHIVES Kerala Legislative Assembly

ടി.എം. ചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി

96 (1801) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ പാലത്തിന്റെ നിർമ്മാണത്തിനായി NABARD RIDF-XIX-ൽ ഉൾപ്പെടുത്തി 260 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡിനായി സ്ഥലം ലഭ്യമാകാതെ വന്നതിനെത്തുടർന്ന് ചീഫ് എഞ്ചിനീയർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ കൂട്ടായി സൈറ്റ് സന്ദർശിച്ച് ആയതിന്റെ അലൈൻമെന്റ് പുനർ നിർണ്ണയിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ അതിരിൽ കൂടിയാണ് പുതുക്കിയ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ പെർമിസീവ് സാങ്ഷൻ നല്കിയിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരം അപ്രോച്ച് റോഡിന്റെ നീളം കൂടിയതിനാലും അലൈൻമെന്റിന്റെ ഒരു ഭാഗത്ത് ഫിഷറീസ് വകുപ്പിന്റെ മീൻ വളർത്തൽ കുളവും മറുവശത്ത് കായലും ആയതിനാൽ റോഡ് സംരക്ഷണ ഭിത്തി ആവശ്യമായി വന്നതിനാലും താഴ്ന്ന പ്രദേശമായതിനാലും ഫില്ലിംഗ് കൂടുതൽ ആവശ്യമായി വന്നതിനാലും എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നിട്ടുണ്ട്. അപ്രകാരം എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി

97 (1802) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കൽ തുറമുഖം ഉദ്ഘാടനത്തിന് ശേഷം മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കാൻ കഴിയുന്നില്ലായെന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് നടക്കുന്നില്ല എന്നതിനാൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പോർട്ടിന് ആവശ്യമായ പ്ലാറ്റ്ഫോറം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഴീക്കൽ തുറമുഖം ഉദ്ഘാടനത്തിനുശേഷം മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കുവാൻ കഴിയുന്നുണ്ട്. വാർഷിക വരുമാനം വർദ്ധിച്ചുവരുന്നുണ്ട്. യൂസർ ചാർജ്ജ് കളക്ഷൻ 30 ലക്ഷത്തിൽനിന്നും 38 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ചില സ്വകാര്യ ജെട്ടികളുടെ പ്രവർത്തനംമൂലം പൂർണ്ണതോതിൽ ബോട്ടുകൾ എത്തിച്ചേരുന്നില്ല. സ്വകാര്യ ജെട്ടികളുടെ അനധികൃത പ്രവർത്തനം നിർത്തലാക്കുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അഴീക്കൽ തുറമുഖത്ത് ടെണ്ടർ ചെയ്ത് ഏർപ്പാടാക്കിയ ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ അളവിൽ തർക്കമുന്നയിച്ച് കരാറുകാരൻ കേസ് കൊടുക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരനെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് സ്റ്റേ ചെയ്തിരിക്കുകയുമാണ്. സ്റ്റേ ഒഴിവാക്കി ലഭിക്കുന്നതിനായി പെറ്റീഷനും സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. കോടതി വിധിക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്. കായകളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കായി 75% കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 2918 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് 4-10-2014 -ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി പാലം നിർമ്മാണം

98 (1803) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ കഴിഞ്ഞ വർഷം എത്രകോടി രൂപയുടെ പ്രവൃത്തികൾക്ക് നബാർഡ് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ പ്രവൃത്തികളാണെന്നും വ്യക്തമാക്കുമോ ?